പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1442

14/12/2012 - ൽ മറുപടിയ്ക്ക്

## കല്ല്യാശ്ശേരി മണ്ഡലത്തിലെ പി. എം. ജി. എസ്.വൈ പദ്ധതി

ചോദ്യം
ശ്രീ. റ്റി. വി. രാജേഷ്

ഉത്തരം
ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരി
കവും നോർക്കയും
വകുപ്പു മന്ത്രി)

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന പദ്ധതി പ്രകാരം എത്ര റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്; അവയുടെ വിശദാംശം നൽകുമോ; പ്രസ്തുത റോഡുകളുടെ നിർമ്മാണം എന്നാരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(എ) കണ്ണൂർ ജില്ലയിലെ കല്യശ്ശേരി മണ്ഡലത്തിൽ നിലവിൽ പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം 3 റോഡുകൾ ഏറ്റെടുത്തിട്ടുണ്ട് വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.

(ബി) ഈ പദ്ധതിയിൽ ഉൾപ്പെട്ട പല റോഡുകളുടെയും പണി ടെണ്ടർ എടുക്കാൻ കോൺട്രാക്ടർമാർ തയ്യാറാകുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളത് ?

(ബി) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഫേസ് II മുതൽ ഫേസ് VII വരെയുള്ള 327 റോഡുകൾക്ക് വേണ്ടിവരുന്ന അധികവിഹിതം സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ എസ്റ്റിമേറ്റ് തുകയിൽ നിന്നും 25 ശതമാനം അധിക നിരക്ക് നൽകികൊണ്ട് ടെണ്ടർ നടപടികൾക്ക് അംഗീകാരം നൽകി സർക്കാർ ഉത്തരവ് നൽകിയതിൽ 27 റോഡുപ്രവർത്തികൾക്ക് കരാർ ഉറപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. തുടർന്ന് 35 ശതമാനം അധിക നിരക്ക്

നൽകിയതിൽ 12 റോഡുകൾക്ക് കരാർ നൽകുവാൻ സാധിച്ചു. വിവിധ ഘട്ടങ്ങളിലായി മുടങ്ങിക്കിടന്ന ബാക്കി പ്രവർത്തികൾക്ക് SOR 2010 ന്റെ 42 ശതമാനം അധിക നിരക്ക് നൽകാൻ സർക്കാർ തീരുമാനിച്ചതിന്റെ ഭാഗമായി 64 റോഡുകൾ ഉൾപ്പെടെ 103 റോഡുകൾക്ക് കരാർ ഉറപ്പിക്കുവാൻ സാധിച്ചു. മേൽ പ്രക്രിയയ്ക്ക് ശേഷവും കരാർ ഉറപ്പിക്കാൻ കഴിയാത്ത 218 പ്രവർത്തികൾക്ക് നേഗോഷ്യേറ്റഡ് ക്വോട്ടേഷൻ മുഖേന കരാർ നടപടികൾ കൈകൊള്ളുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഈ നടപടിയിലൂടെ 80 റോഡുകൾക്ക് കരാറുകാർ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. സമർപ്പിച്ച ടെണ്ടറുകളുടെ സാങ്കേതിക നിലവാരം പരിശോധിച്ച് വരികയാണ്. ഇനിയും ടെണ്ടർ ലഭിക്കാത്ത പ്രവർത്തികളുടെ എസ്റ്റിമേറ്റ് 2012 നിരക്ക് പ്രകാരം പുതുക്കി ടെണ്ടർ ചെയ്യുന്നതിനുള്ള സാധ്യത പരിശോധിച്ച് വരികയാണ്.

(signature)

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| ബ്ലോക്ക് | പാക്കേജ് നമ്പർ | റോഡിന്റെ പേര് | നിളം (കി.മി) | തുക ലക്ഷത്തിൽ | നിലവിലുള്ള സ്ഥിതി |
|---|---|---|---|---|---|
| പയ്യന്നൂർ | കെ.ആർ.04-34 (എ) | കടന്നപ്പള്ളി - കിഴക്കേക്കര | 2.62 | 92.96 | ടി പ്രവർത്തിയുടെ കരാർ ഉറപ്പിച്ചിട്ടുണ്ട് |
| തളിപ്പറമ്പ | കെ.ആർ.04-31 (എ) | കോലത്തുവയൽ പാറപ്രം | 1.035 | 55.76 | ടി റോഡുകൾക്ക് കരാറുകാർ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. സമർപ്പിച്ച ടെണ്ടറുകളുടെ സാങ്കേതിക നിലവാരം പരിശോധിച്ച് വരികയാണ്. |
| | കെ.ആർ.04-31 (ബി) | മൊറാഴ - പുഞ്ചവയൽ | 2.65 | 105.94 | |

സെക്ഷൻ ഓഫീസർ